# കേരള സർവകലാശാല

നം. പി.ആർ.089/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എഡ് ഓൺലൈൻ പരീക്ഷ മാറ്റി

കേരള സർവകലാശാല ഏപ്രിൽ 26-ന് നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.എഡ് (2015 സ്കീം - ദ്വിവത്സര പ്രോഗ്രാം) ഓൺലൈൻ പരീക്ഷ മെയ് നാലിന് നടക്കും. പരീക്ഷകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

### റിസർച്ച് അസോസിയേറ്റ് ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം ഇക്കണോമിക്സ് പഠനവകുപ്പിന്റെ കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സിൽ റിസർച്ച് അസോസിയേറ്റിന്റെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ മെയ് ആറ് വൈകുന്നേരം മൂന്ന് മണിക്കകം ഇ-മെയിൽ iucae2016@gmail.com വഴി അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

### ബി.എസ്സി നഴ്സിംഗ് ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം വർഷ ബി.എസ്സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും മെയ് 16 വരെ അപേക്ഷിക്കാം.

### എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല രണ്ടാം സെമസ്റ്റർ, നാലാം സെമസ്റ്റർ (പഞ്ചവത്സരം) (2011-12 അഡ്മിഷന് മുൻപുള്ളത്) (കോമൺ ഫോർ മേഴ്സി ചാൻസ്) എൽ.എൽ.ബി പരീക്ഷകൾ യഥാക്രമം മെയ് എട്ട്, 15 തീയതികളിൽ ആരംഭിക്കുന്നതാണ്.

### യോഗാ പരിശീലന രജിസ്ട്രേഷൻ ആരംഭിച്ചു

കേരള സർവ്വകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ പഠന വകുപ്പിന്റെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജാ പവലിയനിൽ പൊതുജനങ്ങൾക്കായി നടത്തുന്ന പ്രതിമാസ യോഗാ പരിശീലന പരിപാടിയിലെ മെയ് മാസത്തെ ബാച്ചിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷ ഫോമുകൾ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജാ പവലിയനിൽ പ്രവർത്തിക്കുന്ന ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ നിന്നും ലഭിക്കും. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0471-2306485/8921507832.

### എം.സി.എ ടൈംടേബിൾ

കേരള സർവകലാശാല ഏപ്രിൽ 28-ന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ എം.സി.എ (2011 സ്കീം റെഗുലർ & സപ്ലിമെന്ററി, 2006 സ്കീം മേഴ്സി

ചാൻസ്) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എഡ് പരീക്ഷ

കേരള സർവകലാശാല മെയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് (2004 സ്കീം മേഴ്സി ചാൻസ്, 2013 സ്കീം സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 29 (50 രൂപ പിഴയോടെ മെയ് മൂന്ന്, 125 രൂപ സൂപ്പർ ഫൈനോട് കൂടി മെയ് അഞ്ച്) വരെ ഫീസടച്ച് അപേക്ഷിക്കാം.

## എം.എഡ് പരീക്ഷ

കേരള സർവകലാശാല മെയ് 19-ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എഡ് (നോൺ സി.എസ്.എസ് - 2014 സ്കീം - സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 29 (50 രൂപ പിഴയോടെ മെയ് മൂന്ന്, 125 രൂപ സൂപ്പർ ഫൈനോട് കൂടി മെയ് അഞ്ച്) വരെ ഫീസടച്ച് അപേക്ഷിക്കാം.

## എൽ.എൽ.ബി ടൈംടേബിൾ

കേരള സർവകലാശാല മെയ് എട്ടിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഇന്റ ഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ/ബി.കോം/ബി.ബി.എ എൽ.എൽ.ബി പരീക്ഷ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
24.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098